പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1391 20.01.2014 -ൽ മറുപടിക്ക്

# 'സ്പീഡ് കേരള' പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ചാണ്ടി<br>ശ്രീ എ .കെ.ശശീന്ദ്രൻ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഏതൊക്കെ ബൈപ്പാസുകളുടെ നിർമ്മാണമാണ് ഉടനെ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ; | സംസ്ഥാന സർക്കാരിന്റെ സ്പീഡ് പദ്ധതിയിൽ താഴെപ്പറയുന്ന ബൈപ്പാസുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>1. കൊല്ലം ബൈപ്പാസ്<br>2. ആലപ്പുഴ ബൈപ്പാസ്<br>3. തൃപ്പൂണ്ണിത്തുറ ബൈപ്പാസ്<br>4. കോഴിക്കോട് ബൈപ്പാസ്<br>5. തലശ്ശേരി, മാഹി ബൈപ്പാസ്<br>ഇതിൽ കൊല്ലം, ആലപ്പുഴ, കോഴിക്കോട് എന്നീ ബൈപ്പാസുകളുടെ നിർമ്മാണം ഉടനെ ആരംഭിക്കുന്നതാണ് . |
| (ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന ബൈപ്പാസുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ; | ബി) ഉടനെ നിർമ്മാണം ആരംഭിക്കുന്ന ബൈപ്പാസുകളിൽ കൊല്ലം ബൈപ്പാസ് (267.16 കോടി രൂപ) ആലപ്പുഴ ബൈപ്പാസ് (255.75 കോടി രൂപ) എന്നിവ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തോടെയും കോഴിക്കോട് ബൈപ്പാസ് (145 കോടി രൂപ) സംസ്ഥന സർക്കാരിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയുമാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ ടെണ്ടർതീയതി 21.01.2014 ആണ്. കോഴിക്കോട് ബൈപ്പാസിന്റെ ഭരണാനുമതിക്കുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) പ്രസ്തുത ബൈപ്പാസുകളുടെ നിർമ്മാണത്തിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ? | സി) നിർമ്മാണ കാലാവധി 30 മാസമായിട്ടാണ് നിശ്ചയിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ